**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് - 2011-12 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഭാഗം 3- ഖണ്ഡിക 3-1-ന് — സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം. .457/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 06/02/2016**

പരാമർശം:- മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 22/08/2015-ലെ കത്ത്

## ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഭാഗം-3-ഖണ്ഡിക 3-1 പ്രകാരം "ന്യൂട്രീമിക്സ് യൂണിറ്റിന് മെഷീനറി വാങ്ങൽ" എന്ന കുടുംബശ്രീ പദ്ധതിക്കായി സർക്കാർ മാർഗ്ഗരേഖക്കുവിരുദ്ധമായി, വികസനഫണ്ടിൽ നിന്നും 3,98,999/- (മൂന്നുലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിഒമ്പത് രൂപ മാത്രം) രൂപ ചെലവഴിച്ചത് ആഡിറ്റ് തടസ്സപ്പെടുത്തുകയും നഷ്ടോത്തരവാദികളായ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും പഞ്ചായത്ത് കമ്മറ്റി അംഗങ്ങളിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 12/08/2015 ലെ 3ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികസനഫണ്ടിൽ വനിതാ വിഭാഗത്തിനുവേണ്ടി നീക്കിവെച്ചതുക ഉപയോഗിച്ച് വളരെ സദുദ്ദേശത്തോടെ നടത്തിയ ചെലവിന് സാധൂകരണം നല്കാൻ സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്. ഇത്തരത്തിൽ കുടുംബശ്രീ സംരംഭങ്ങൾക്ക് വികസനഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളതായി സ.ഉ (സാധാ നം. 496/2013/തസ്വഭവ) നമ്പർ 27/02/2013-ലെ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് ഗുരുതരമായ അപാകതകളൊന്നും ആഡിറ്റ് കണ്ടെത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ

പഞ്ചായത്ത് കമ്മിറ്റി ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഭാഗം-3- ഖണ്ഡിക 3-1 പ്രകാരം "ന്യൂട്രീമിക്സ് യൂണിറ്റിന് മെഷീനറി വാങ്ങൽ" എന്ന കുടുംബശ്രീ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 3,98,999/- (മൂന്നുലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) രൂപ ചെലവഴിച്ചതിന് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു,.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി(ഓഫീസ് സെക്ഷൻ)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ